LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ആദിവാസികളുടെയും സാമ്പത്തികമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്ന മറ്റു വിഭാഗങ്ങളിൽപ്പെട്ടവരുടെയും വീടുകളിലെ രക്ഷിതാക്കൾ ജോലിതേടി പോകുമ്പോൾ വീടുകളിൽ തനിച്ചാകുന്ന കുട്ടികൾക്ക് രക്ഷിതാക്കൾ തിരിച്ചെത്തുന്നതുവരെ സുരക്ഷ ഒരുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വൾനറബിൾ ആയിട്ടുള്ള കുട്ടികളെ കണ്ടെത്തുന്നതിന് സംസ്ഥാനതലത്തിൽ ഒരു വൾനറബിലിറ്റി മാപ്പിംഗ് നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇത്തരത്തിൽ മാപ്പിംഗ് നടത്തുമ്പോൾ വൾനറബിളായി കണ്ടെത്തുന്ന കുട്ടികൾക്ക് വ്യക്തിഗത പരിചരണം നൽകുന്നതും കൂടാതെ ഐ.സി.ഡി.എസ്. അങ്കണവാടികൾ മുഖേനയോ അഡോളസെന്റ് ക്ലബുകൾ മുഖേനയോ ഇത്തരത്തിലുള്ള കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

സംസ്ഥാന വനിതാ കമ്മീഷന്റെ വാർഷിക റിപ്പോർട്ട്

258(1624) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ നിയമം നിഷ്കർഷിക്കുന്ന വാർഷിക റിപ്പോർട്ട് വനിതാ കമ്മീഷൻ സർക്കാരിന് മുൻപിൽ സമർപ്പിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2017-18 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) സംസ്ഥാന വനിതാ കമ്മീഷൻ കഴിഞ്ഞ അഞ്ച് വർഷത്തിൽ എത്ര നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്; ഇതിൽ എത്ര നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനിടെ വനിതാ കമ്മീഷൻ സർക്കാരിലേയ്ക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(1) ഐ. ടി. മേഖലയിലെ സ്ത്രീ സുരക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ.

(2) കേരളത്തിലെ മഹിളാ സംഘടനകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(3) 498 (എ) സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്മേലുള്ള നിർദ്ദേശങ്ങൾ.

(4) സ്ത്രീധന നിരോധന നിയമം സംബന്ധിച്ച ഭേദഗതി നിർദ്ദേശങ്ങൾ. അതുകൂടാതെ, കഴിഞ്ഞ 5 വർഷത്തിനിടെ വനിതാ കമ്മീഷൻ മുമ്പാകെ ചേർക്കുന്ന വിഷയങ്ങളിൽ ഗവേഷണ പഠനം നടത്തി സർക്കാരിലേയ്ക്ക് ശിപാർശകൾ നൽകിയിട്ടുണ്ട്.

(i) കേരളത്തിലെ കുറഞ്ഞുവരുന്ന ആൺ-പെൺ ശിശു അനുപാതം.

(ii) കേരളത്തിലെ സ്ത്രീ സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

(iii) ഏകസ്ഥരായ സ്ത്രീകളുടെ പ്രശ്നങ്ങൾ.

(iv) ജയിൽശിക്ഷ അനുഭവിച്ച സ്ത്രീകളുടെ പ്രശ്നങ്ങൾ.

(v) നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ.

(vi) മാദ്ധ്യമങ്ങളിലെ സ്ത്രീ-സങ്കല്പം:- ടി വി സീരിയലുകളും പരസ്യങ്ങളും കൗമാരപ്രായക്കാരിൽ ചെലുത്തുന്ന സ്വാധീനം.

(vii) കുട്ടികളിലെ മയക്കുമരുന്ന് ദുരുപയോഗം കേരള വനിതാ കമ്മീഷന്റെ മേൽ നിർദേശങ്ങൾ സർക്കാർ പരിഗണനയിലാണ്.

സംസ്ഥാന വനിതാ കമ്മീഷന്റെ അധികാരവും പ്രവർത്തനങ്ങളും

259 (1625) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ നിയമം പ്രകാരം വനിതാ കമ്മീഷന് കേസ്സ് എടുക്കാനുള്ള അധികാരമുണ്ടോ; വനിതാ കമ്മീഷനുമുൻപിൽവരുന്ന പരാതികൾ തീർപ്പാക്കാനുള്ള അധികാരം വനിതാ കമ്മീഷൻ അംഗങ്ങൾക്ക് ലഭ്യമാണോയെന്നറിയിക്കുമോ?

കേരള വനിതാ കമ്മീഷൻ ആക്ട്, 1990, വകുപ്പ് 15-ൽ കമ്മീഷന്റെ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിൽ കമ്മീഷന് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്.